പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 235 — 20.06.2012 ൽ മറുപടിക്ക്

# മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. മോയിൻകുട്ടി:<br>,, പി. ബി. അബ്ദുൾ റസാക്:<br>,, എം. പി. അബ്ദുസ്സമദ് സമദാനി:<br>,, കെ. എൻ.എ. ഖാദർ: | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവയിൽ നിന്നുള്ള മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനത്തിന് ഇന്നുള്ള സംവിധാനം എന്താണ്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയും അനുബന്ധ ആശുപത്രികളായ ശ്രീ.ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി, ശ്രീ.അവിട്ടം തിരുനാൾ ആശുപത്രി, റീജിയണൽ ക്യാൻസർ സെന്റർ, ഡെന്റൽ കോളേജ് എന്നിവയും ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി എന്നീ ആശുപത്രികളും ഇൻഡ്യൻ മെഡിക്കൽ അസോസിയേഷന്റെ നേതൃത്വത്തിന്റെ പ്രവർത്തിപ്പിക്കുന്ന "ഇമേജ്" എന്ന |

| | | | |
|---|---|---|---|
| | | | കേന്ദ്രീകൃത ബയോമെഡിക്കൽ മാലിന്യ ശുദ്ധീകരണ / നിർമ്മാർജ്ജന സംവിധാനം വഴി ആശുപത്രി മാലിന്യം നിർമ്മാർജനം ചെയ്യുന്നു. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയും അനുബന്ധ ആശുപത്രികളായ ഡെന്റൽ കോളേജ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മറ്റേണൽ ചൈൽഡ് കെയർ എന്നീ ആശുപത്രികൾ സ്വന്തമായുള്ള ഇൻസിനറേറ്റർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ വഴി ബയോമെഡിക്കൽ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നു. ഇതുകൂടാതെ 152 സർക്കാർ ആശുപത്രികളും ഇമേജ് വഴി ബയോമെഡിക്കൽ മാലിന്യം നിർമ്മാർജ്ജനം ചെയ്യുവാൻ കരാറിലേർപ്പെട്ടിട്ടുണ്ട്. |
| (ബി) | ആയതിനായി എന്തെങ്കിലും കേന്ദ്രീകൃത സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | ഉണ്ട്. ആശുപത്രി മാലിന്യങ്ങൾ സംസ്കരിക്കാനുള്ള കേരളത്തിലുള്ള ഒരേ ഒരു പൊതു സംവിധാനമായ ഇമേജ് പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിലെ മൺതുരുത്തിയിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ (IMA) നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആശുപത്രി മാലിന്യങ്ങൾ പ്രത്യേകം രൂപകല്പന ചെയ്ത വാഹനങ്ങളിൽ പാലക്കാട് ജില്ലയിൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്ന ഇമേജിൽ എത്തിക്കുന്നു. 4 ഇൻസിനറേറ്ററുകളും 2 ഓട്ടോക്ലേവും ഒരു ഷ്രെഡറും അവിടെ ഉണ്ട്. |
| (സി) | സ്വകാര്യമേഖലയിലെ ആശുപത്രികൾ, മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള ചികിത്സാകേന്ദ്രങ്ങൾ എന്നിവ മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യുന്നതിന് അനുവർത്തിച്ചു വരുന്ന രീതി പരിശോധിക്കുന്നുണ്ടോ; എങ്കിൽ പരിശോധനയിൽ ലഭ്യമായ പൊതുവിവരം എന്താണ്; വ്യക്തമാക്കുമോ; | (സി) | പരിശോധിക്കുന്നുണ്ട്.<br>സ്വകാര്യ മെഡിക്കൽ കോളേജുകളായ ഡോ.സോമർവൽ മെമ്മോറിയൽ സി.എസ്.ഐ. മെഡിക്കൽ കോളേജ് കാരക്കോണം, തിരുവനന്തപുരം, എസ്.യു.റ്റി അക്കാദമി ഓഫ് മെഡിക്കൽ സയൻസ് വട്ടപ്പാറ, തിരുവനന്തപുരം, കരുണ മെഡിക്കൽ കോളേജ് , പാലക്കാട്, കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ എന്നിവ ഇമേജ്-ലൂടെ ബയോ മെഡിക്കൽ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നു. ഇതു കൂടാതെ 2400 ഓളം സ്വകാര്യ ആശുപത്രികൾ ഇമേജ് മുഖാന്തിരം ബയോമെഡിക്കൽ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നുണ്ട്. ഇമേജുമായി കരാറിലേപ്പെടാത്ത സ്വകാര്യ മെഡി ക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള വലിയ സ്വകാര്യ ആശുപത്രികൾ സ്വന്തം സംവിധാനത്തിലൂടെ ബയോ മെഡിക്കൽ മാലിന്യം നിർമ്മാർജനം ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | ഈ വിഷയത്തിൽ നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ബയോമെഡിക്കൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് 13.03.2012 ൽ സ.ഉ(എം.എസ്) നം.04/ 12/പരിസ്ഥിതി എന്ന വിശദമായ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | ഇത്തരം സ്ഥാപനങ്ങൾക്ക് അനുമതി നൽകുമ്പോൾ വേസ്റ്റ് മാനേജ്മെന്റ് സംബന്ധിച്ച് എന്തെങ്കിലും നിബന്ധന ഏർപ്പെടുത്താറുണ്ടോ; വിശദമാക്കുമോ? | (ഡി) | ഏർപ്പെടുത്താറുണ്ട്. ബയോമെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് & ഹാൻഡലിംഗ്) റൂൾസ് 1998 അനുശാസിക്കുന്ന പ്രകാരം മാലിന്യം തരംതിരിക്കുന്നതിനും ശേഖരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് അനുമതി നൽകുന്നത്. |

സെക്ഷൻ ഓഫീസർ